പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1395          20.01.2014 -ൽ മറുപടിക്ക്

# റോഡുകളുടെ നവീകരണത്തിന് സ്ഥിരം കോൺട്രാക്ട്

ചോദ്യം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ഉത്തരം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ)റോഡുകളിലെ നടപ്പാതകളിലെ പൊട്ടിയ സ്ലാബുകളിൽ കുടുങ്ങിയും, കുഴികളിൽപ്പെട്ടും നിരവധി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; എങ്കിൽ അതൊഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

എ)

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ ആയത് പുന:സ്ഥാപിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കാറുമുണ്ട്. കെ.ആർ.എഫ്.ബി നടപ്പാക്കുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ വികസനം പൂർത്തിയാക്കിയ റോഡുകളുടെ നടപ്പാതകളിൽ ഓടുകൾ പാകി കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ വിധം നടക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപ്പാതകൾ നിശ്ചിത ഗുണനിലവാരമനുസരിച്ച് പദ്ധതിയുടെ കൺസഷണർ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. കൂടാതെ ഇതിന്റെ പരിപാലനം യഥാവിധി നടക്കുന്നുണ്ടോ എന്ന് പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുമുണ്ട്. റോഡ് ഇൻഫ്രസ്ട്രക്ചർ കമ്പനി നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ വികസിപ്പിക്കുമ്പോൾ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.
എന്നാൽ കെ എസ് ടി പി റോഡുകളിലെ നടപ്പാതകളിലെ പൊട്ടിയ സ്ളാബുകളിൽ കുടുങ്ങിയും കുഴിയിൽപ്പെട്ടും അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല. പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ അധീനതിയിലുള്ള റോഡുകളിൽ, നടപ്പാതകളിലെ പൊട്ടിയ സ്ളാബ് നീക്കം ചെയ്ത് പുതിയവ സ്ഥാപിക്കുന്നതിന് പദ്ധത്യേതര ഇനത്തിൽപ്പെടുത്തി ഫണ്ട് അനുവദിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടത്താറുണ്ട്.

(ബി) റോഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർകാലാകാലങ്ങളിൽ റോഡിന്റെയും നടപ്പാതകളുടെയും ഓടകളുടെയും നിലവാരവും സ്ഥിതിയും പരിശോധിക്കണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര കാലത്തി

ബി)ദേശീയപാത വിഭാഗത്തിലെ റോഡിന്റെയും ഓടയുടെയും നടപ്പാതയുടെയും നിലവാരവും സ്ഥിതിയും പരിശോധിക്കുന്നതിന് പ്രത്യേക കാലപരിധി ഇപ്പോൾ നിലവിൽ ഇല്ല എന്നാൽ

| | |
|---|---|
| ലൊരിക്കലാണ് അത്തരം പരിശോധന നിശ്ചയിച്ചിട്ടുളളതെന്നും പരിശോധന നട ത്താറുളളതെന്നും വ്യക്തമാക്കുമോ; | കാലാകാലങ്ങളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ആയത് പൂർവ്വ സ്ഥിതിയിൽ ആക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കെ ആർഎഫ് ബിയുടെ കീഴിലുള്ള തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ വികസനം പൂർത്തിയാക്കിയിട്ടുള്ള റോഡുകളും, നടപ്പാതകളും, ഓടകളും പരിശോധിച്ച് നിശ്ചിത നിലവാരത്തിൽ പരിപാലിക്കപ്പെടുന്നു എന്ന് പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ ഉറപ്പ് വരുത്തുന്നുണ്ട്. കെ എസ് ടി പി റോഡുകളുടെ നടപ്പതയുടെയും, ഓടകളുടെയും നിലവാരവും സ്ഥിതിയും യഥാസമയം പരിശോധിക്കാൻ വ്യവസ്ഥയുണ്ട് . ഇതിനു കാലവധിയൊന്നും നിശ്ചയിച്ചിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതിയിലുള്ള റോഡുകളിൽ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഇത്തരത്തിൽ പരിശോധന നടത്തി അതിനുവേണ്ട പരിഹാര നടപടികൾ ശുപാർശ ചെയ്യാൻ നിഷ്കർഷിച്ചിട്ടുണ്ട്. |
| സി)നിരന്തരമുണ്ടാകുന്ന അപകടങ്ങളുടെ വെളിച്ചത്തിൽ അടിയന്തിര പരിശോധനയ് ക്കും, അറ്റകുറ്റപ്പണിക്കും നിർദ്ദേശം നല്കുകയും, തുടർച്ചയായ അവശ്യ അറ്റ കുറ്റപ്പണിക്ക് സ്ഥിരം കോൺട്രാക്ട് നടപടി കൾ സ്വീകരിക്കുകയും ചെയ്യുമോ; | സി) ദേശീയപാത വിഭാഗത്തിൽ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ അവ ഉണ്ടാകാതിരിക്കാനുള്ള ഇമ്പ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കാറുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന ദേശീയപാതകളായ 17,47 എന്നിവ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുമ്പോൾ സുരക്ഷിതമായ റോഡ് എന്ന സങ്കൽപ്പത്തോടുകൂടി തന്നെയാണ് നിർമ്മിക്കുന്നത്. തുടർച്ചയായ അറ്റകുറ്റപണിക്ക് നിലവിൽ സംവിധാനം ഇല്ല. എന്നാൽ ദേശീയപാതയിലെ പ്രധാന പണികൾ കോൺട്രാക്ടറുടെ ഡിഫക്റ്റ് ലയബിലിറ്റിയോടു കൂടിയാണ് നടപ്പിലാക്കി വരുന്നത്.കെ.ആർ. എഫ്.ബിയുടെകീഴിലുള്ള തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ 15 വർഷത്തെ പരിപാലനവും, അറ്റകുറ്റപ്പണികളും പദ്ധതിയുടെ കൺസഷണറിൽ നിക്ഷിപ്തമാണ്. നിശ്ചിത കാലത്തേക്ക് അവശ്യ അറ്റകുറ്റപണികൾ നടത്തുന്നതിന് സ്ഥിരം കോൺട്രാക്ട് നടപടി സ്വീകരിക്കുന്നത് ഉചിതമായ ഒരു കാര്യമാണ്. അടിയന്തിര പരിശോധനയ്ക്കും അറ്റകുറ്റപ്പണികൾക്കും നടപടി സ്വീകരിക്കാറുണ്ട്. |

| | |
|---|---|
| (ഡി) ഇത്തരം അപകടങ്ങൾ തുടർന്നുമുണ്ടാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എഞ്ചിനീയറെയും കോൺട്രാക്ടറെയും ഉത്തരവാദികളാക്കുന്ന നിയമഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | ഡി). ഇക്കാര്യത്തിൽ എഞ്ചിനീയർമാരുടെയും കോൺട്രാക്ടർമാരുടെയും വീഴ്ചകൾ പണികളിൽ ഉണ്ടാകുന്ന സാഹചര്യം ഉണ്ടായാൽ അവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ